ചീഫ് എൻജിനീയറുടെ കാര്യാലയം
തദ്ദേശ സ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ളക്സ്, മൂന്നാം നില
പബ്ലിക്ക് ആഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം-33

Phone : 0471-2324951
0471-2325071
TeleFAX:0471-2324951
email: celsgd@rediffmail.com
website: www.celsgd.com

നമ്പർ.ഡി.ബി-1/6422/2011/സിഇ/തസ്വഭവ

തീയതി : 10.01.2012

പ്രേഷിതൻ

ചീഫ് എൻജിനീയർ

സ്വീകർത്താവ്

സൂപ്രണ്ടിംഗ് എഞ്ചിനീയർ
തദ്ദേശസ്വയംഭരണ വകുപ്പ് സൗത്ത്/നോർത്ത് സർക്കിൾ

എക്സിക്യൂട്ടീവ് എഞ്ചിനീയർ

................................ ജില്ലാ പഞ്ചായത്ത്

മുനിസിപ്പൽ/കോർപ്പറേഷൻ എൻജിനിയർ

.............................. മുനിസിപ്പാലിറ്റി/കോർപ്പറേഷൻ

സർ,

വിഷയം: തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പ്രവൃത്തികൾക്കുള്ള പ്രോജക്ടുകളുടെ അനുമതി - എസ്.എൽ.റ്റി.ജി മുമ്പാകെ സമർപ്പിക്കുന്നത്- സംബന്ധിച്ച്

സൂചന: തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 15.10.2011 ലെ ഡിബി1/1559/10/സിഇ തസ്വഭവ നമ്പർ സർക്കുലർ.

സൂചനയിലേയ്ക്ക് ശ്രദ്ധക്ഷണിക്കുന്നു. വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഓരോ വർഷവും മരാമത്ത് പ്രവൃത്തികൾക്കുള്ള പ്രോജക്ടുകൾ തയ്യാറാക്കി അനുമതിയ്ക്കായി SLTG, DLTAG, BLTAG തുടങ്ങിയ കമ്മിറ്റികൾക്ക് സമർപ്പിക്കുമ്പോൾ ടി പ്രോജക്ടുകളിൽ പല ന്യൂനതകളും കാണപ്പെടുന്നുണ്ടെന്നും ന്യൂനതകൾ പരിഹരിച്ചുവെന്ന് ഉറപ്പുവരുത്തി മാത്രമേ പ്രോജക്ടുകൾ സമർപ്പിക്കാവൂ എന്നും സൂചന സർക്കുലർ മുഖേന എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിരുന്നു. എന്നാൽ പല ന്യൂനതകളും പരിഹരിക്കാതെയാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇപ്പോഴും പ്രോജക്ടുകൾ അനുമതിക്കായി സമർപ്പിക്കുന്നത്. ഇത് പ്രോജക്ടുകൾക്ക് അംഗീകാരം ലഭിക്കുന്നതിന് കാലതാമസം വരുത്തുകയും ടി പ്രോജക്ടുകൾക്ക് അനുമതി നിഷേധിക്കുന്നതിനും ഇടയാക്കുന്നുണ്ട്. ഇക്കാര്യം സർക്കാർ വളരെ ഗൗരവമായി കാണുന്നു. ഒരു എസ്റ്റിമേറ്റ് സമർപ്പിക്കുമ്പോൾ വ്യക്തമായതും ആവശ്യമായതുമായ രേഖകൾ സമർപ്പിക്കാതിരിക്കുന്നതും മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി പ്രോജക്ടുകൾ തയ്യാറാക്കുന്നതും മൂലം കമ്മിറ്റികൾക്ക് പ്രോജക്ടുകൾ ശുപാർശ ചെയ്യാൻ കഴിയുന്നില്ല. ഈ കാരണത്താൽ പ്രോജക്ടുകൾക്ക്

തടസ്സം നിൽക്കുന്നത് റ്റി.എ.ജി യാണെന്ന് വിമർശിക്കുകയും മെമ്പർമാരെ അധിക്ഷേപിക്കുന്നതായും പരാതി ഉയർന്നുവരികയും ചെയ്യുന്നുണ്ട്. എൻജിനീയർമാരുടെ ശ്രദ്ധക്കുറവിന്റെ ഫലമായി ഉണ്ടാകുന്ന ഇക്കാര്യങ്ങൾ ജനപ്രതിനിധികളോട് വിശദീകരിക്കുവാൻ തന്നെ പ്രയാസമാണ്. ലഭ്യമായ ഫണ്ട് ഉപയോഗിക്കുവാൻ കഴിയാതിരുന്നാൽ എൻജിനീയർമാരുടെ കഴിവുകേടായി മാത്രമേ അത് വ്യാഖ്യാനിക്കപ്പെടുകയുള്ളൂ. മാത്രമല്ല, എൻജിനീയർമാർ നിർവ്വഹണാധികാരികളായതിനാലാണ് പദ്ധതി പ്രവർത്തനം താറുമാറായതെന്ന് നിക്ഷിപ്ത താൽപര്യക്കാരിൽ നിന്നും ആക്ഷേപമുയരുന്നത് ശ്രദ്ധിക്കേണ്ടതാണ്. പ്രോജക്ടുകൾക്ക് അംഗീകാരം ലഭിക്കാത്തതിന് ഉത്തരവാദി, ഇത്തരത്തിൽ വീഴ്ച വരുത്തുന്ന എഞ്ചിനീയർമാർ മാത്രമായിരിക്കും. ആയതിനാൽ മേലിൽ പ്രോജക്ടുകൾ സാങ്കേതികാനുമതിയ്ക്കായി സമർപ്പിക്കുമ്പോൾ നിർബന്ധമായും സൂചന സർക്കുലറിൽ പ്രതിപാദിച്ചിരിക്കുന്ന ന്യൂനതകൾ പരിഹരിച്ച് തന്നെ സമർപ്പിക്കേണ്ടതാണെന്ന് അറിയിച്ചുകൊള്ളുന്നു.

ഉള്ളടക്കം;- (1) സൂചന കത്തിന്റെ പകർപ്പ്

വിശ്വസ്തതയോടെ,

ഒപ്പ്
ചീഫ് എൻജിനീയർ.

അംഗീകാരത്തോടെ

ഡെപ്യൂട്ടി ചീഫ് എൻജിനീയർ

ഡിവിഎൽ/എംഡി/ഡിബി6/11.